DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

**03-01-2021**

# കാർഷികമേഖലാവാർത്തകൾ

## ഉദ്ഘാടനം

കൃഷിവകുപ്പ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കെയ്ക്കോ, കേരള സംസ്ഥാന ഇലക്ട്രിസിറ്റിബോർഡ്, കൃഷിവകുപ്പിന്റെ ഇഞ്ചിനീയറിംഗ് വിഭാഗം എന്നിവർ സംയുക്തമായി നടപ്പിലാക്കുന്ന 298 കോടി രൂപയുടെ തൃശൂർ-പൊന്നാനി കോൾ സമഗ്ര വികസന പദ്ധതിയുടെയും 123 കോടി രൂപയുടെ നബാർഡ് സഹായത്തോടെയുള്ള ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരണത്തിന്റെയും ഹോർട്ടികോർപ്പ് സംഭരണ വിപണന കേന്ദ്രങ്ങളുടെയും പ്രവർത്തനോദ്ഘാടനം നാളെ രാവിലെ 11 മണിക്ക് തൃശൂർ ഒളരിക്കര ദേവസ്വം ദുർഗ്ഗാഞ്ജലി ഹാളിൽ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ കേരള നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥി ആയിരിക്കും. മന്ത്രിമാർ, തൃശൂർ മേയർ, എം.പി മാർ, എം.എൽ.എ. മാർ , കർഷകസംഘടനാ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# അറിയിപ്പ്

കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ (promotion of MSME) ഓൺലൈൻ അപേക്ഷകൾ www.sfackerala.org വഴി ഈ മാസം 15 വരെ നീട്ടിയതായി എസ്.എഫ്.എ.സി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്, 0471- 2742110 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ബ്ലോക്കിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കാനുദ്ദേശിക്കുന്ന കാർഷിക സേവന കേന്ദ്രത്തിൽ ഒരു ഫെസിലിറ്റേറ്ററെയും 35 സർവ്വീസ് പ്രൊവൈഡർമാരെയും തെരെഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലോ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലോ, തിരുവല്ലം കൃഷിഭവൻ പരിധിയിലോ ഉള്ള നിവാസികളും കാർഷിക കർമ്മ സേവനം നൽകുന്നതിന് സമ്മതമുള്ളവരും ആയിരിക്കണം. അപേക്ഷാഫോറം നെയ്യാറ്റിൻകര കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഈ മാസം 7-ന് വൈകിട്ട് 4.30-ന് മുമ്പായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, 1st ഫ്ളോർ മിനി സിവിൽ സ്റ്റേഷൻ, നെയ്യാറ്റിൻകര

എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2220066, 0471-2227122 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## അറിയിപ്പ്

പുതിയ കർഷക ഉല്പാദക സംഘടനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കർഷക ഉല്പാദക കമ്പനികൾ ശാക്തീകരിക്കുന്നതിനും www.sfackerala.org വഴി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 15 വരെനീട്ടിയതായി എസ്.എഫ്.എ.സി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org സന്ദർശിക്കുകയോ 0471-2742110 എന്ന നമ്പരിലോ, 1800-425-1661 എന്ന ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെടുക.

## പെരിങ്കടവിള കൃഷിഭവൻ അറിയിപ്പ്

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ല പെരുങ്കടവിള ബ്ലോക്കിലെ പെരുങ്കടവിള കൃഷിഭവൻ കേന്ദ്രമാക്കി ഒരു അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നു. ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനായി ഒരു ഫെസിലിറ്റേറ്ററെയും, 25 സർവ്വീസ് പ്രൊവൈഡർമാരെയും ആവശ്യമുണ്ട്. അപേക്ഷകർ പെരുങ്കവിള ബ്ലോക്ക് പരിധിയിലുള്ളവരാകണം. അപേക്ഷാഫോറം ആര്യൻകോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **ഈ മാസം 7 വൈകുന്നേരം 3 മണി.** കൂടുതൽ വിവരങ്ങൾക്ക് **9495629163, 9383470107** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലനം

തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റ ആഭിമുഖ്യത്തിൽ ഈ മാസം 6,7 തീയതികളിൽ രാവിലെ 10.30 മുതൽ 01.00 മണി വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം (വെബിനാർ) നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നേരിട്ടോ, ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9188522711, 0469-2965535 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ഷീറ്റുറബ്ബർസംസ്കരണത്തിലും തരംതിരിക്കലിലും പരിശീലനം

ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഈ മാസം 05, 06 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർ നിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനഫീസ് 1,000/ രൂപ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 04812353325 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം. ഇമെയിൽ : **training@rubberboard.org.in**

## ഭരണിക്കാവ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ അഗ്രോ ക്ലിനിക് പ്രവർത്തിക്കുന്നു.

കൃഷിക്ക് ഉണ്ടാകുന്ന ഏതു തരം പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും പരിഹാരത്തിനായി ഭരണിക്കാവ് സഹകരണ ബാങ്കിന്റെ

ആഭിമുഖ്യത്തിലുള്ള അഗ്രോ ക്ലിനിക്കിനെ ആശ്രയിക്കാവുന്നതാണ്. കർഷകർക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും കൃഷിക്ക് ആവശ്യം വരുന്ന ചികിത്സകളും ക്ലിനിക്കിൽ നിന്ന് വിദഗ്ദരായ കൃഷി ഓഫീസർമാർ നിർദ്ദേശിക്കുന്നതാണ്. തികച്ചും സൗജന്യമാണ് അഗ്രോ ക്ലിനിക്കിന്റെ സേവനങ്ങൾ. അഗ്രോ ക്ലിനിക്ക് എന്ന പേരിൽ **7** വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അഗ്രോ ക്ലിനിക്കിൽ നേരിട്ട് വരാൻ കഴിയാത്ത കർഷകർക്കും ദൂരെയുള്ളവർക്കും ഈ വാട്സാപ്പ് ഗ്രൂപ്പുകൾ സഹായകരമാണ്. അഗ്രോ ക്ലിനിക്ക് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പുതുതായി ആഡ് ചെയ്യേണ്ട നമ്പരുകൾ കമന്റ് ആയി രേഖപ്പെടുത്തുകയോ അടിയിൽ പറയുന്ന ഫോൺ നമ്പറുകളിൽ അറിയിക്കുകയോ ചെയ്യാവുന്നതാണ് എന്ന് ഭരണിക്കാവ് സഹകരണബാങ്ക് പ്രസിഡന്റ് അറിയിച്ചു. **8086768279, 8075557146, 9446010755.**

## പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് കാർഷികയന്ത്രങ്ങൾ സ്വന്തമാക്കുന്നതിന് ആനുകൂല്യം

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പുക്കുന്നതിന് വേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിൽ സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ സബ്സിഡിയോടുകൂടി സ്വന്തമാക്കുന്നതിന് അപേക്ഷിക്കാം. ചെറുകിട നാമമാത്ര കർഷകർക്ക് 5 ശതമാനം വരെ നിബന്ധനകളോടെ സബ്സിഡി ലഭ്യമാണ്. കൂടാതെ അംഗീകൃത കർഷക കൂട്ടായ്മകൾക്ക് ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 80 ശതമാനം സബ്സിഡി നിരക്കിൽ നിബന്ധനകളോടെ പരമാവധി 8 ലക്ഷം രൂപ വരെയും, കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

നിബന്ധനകളോട പദ്ധതി തുകയുടെ 40 ശതമാനം സബ്സിഡി നിരക്കിലും കാർഷിക യന്ത്രങ്ങൾ വാങ്ങാം. ഇതിനു വേണ്ടി https:agrimachinery.nic.in എന്ന വെബ്സൈറ്റിൽ കൂടി നടപടികൾ പൂർത്തിയാക്കാം. സംശയ നിവാരണത്തിനും സാങ്കേതിക സഹായങ്ങൾക്കും ഏറ്റവും അടുത്തുള്ള കൃഷി ഭവനിലോ അതാത് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ ബന്ധപ്പെടാവുന്നതാണ്.